1

# പിതാവിന്റെ ജ്ഞാനമായി പുത്രൻ

പുത്രന്റെ ജ്ഞാനത്തെ പൂർണ്ണമായി നാം അനുമോദിക്കുവാൻ ആദ്യം അവനിലെ പിതാവിന്റെ ജ്ഞാനം കാണണം. ആദ്യമായി പിതാവിന്റെ ജ്ഞാനം പ്രദർശിപ്പിച്ചതു സൃഷ്ടിയിൽ ആണ്. അനന്തതയിൽ നിന്നു ദൈവമായ പുത്രൻ, ദൈവത്തിന്റെ പ്രകടനമായി പ്രപഞ്ചവും, ലോകവും, കാലവും കൊണ്ടുവന്നു.

**പുതിയ നിയമത്തിൽ പഠിപ്പിച്ചതു പോലെ**

മുമ്പുണ്ടായിരുന്നതു നോക്കുവാനായി അവൻ ''ആദ്യം'' വെളിപ്പെടുത്തിയതു മനസ്സിലാക്കുവാൻ നാം ''അവസാനം'' വെളിപ്പെടുത്തിയതു പരിശോധിക്കേണ്ടിയിരിക്കുന്നു. അതിനു യേശുവിനു സൃഷ്ടിക്കുമുമ്പുണ്ടായിരുന്ന ജ്ഞാനത്തിന്റെ പുതിയ നിയമ കാഴ്ച്ചപ്പാട് പരിശോധിക്കണം.

കാലം തുടങ്ങുന്നതിനു മുൻപുതന്നെ ദൈവ ജ്ഞാനം ഉണ്ടായിരുന്നു എന്നും അതു ക്രൂശിക്കപ്പെട്ട "മഹത്വത്തിന്റെ കർത്താവിൽ" നിന്നു വേർപെടുത്താനാവുകയില്ല എന്നും പുതിയ നിയമം വ്യക്തമാക്കുന്നു:

> എന്നാൽ തികഞ്ഞവരുടെ ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു; ഈ ലോകത്തിന്റെ ജ്ഞാനമല്ല നശിച്ചു പോകുന്നവരായ ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനവുമല്ല; ദൈവം ലോകസൃഷ്ടിക്കുമുമ്പെ നമ്മുടെ തേജസ്സിന്നായി മന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു. അതു ഈ ലോകത്തിന്റെ പ്രഭുക്കന്മാർ ആരും അറിഞ്ഞില്ല; അറിഞ്ഞിരുന്നു എങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു. ''ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളത് കണ്ണുകണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റേയും ഹൃദയത്തിൽ തോന്നീട്ടുമില്ല" എന്നു എഴുതിയിരിക്കുന്നതുപോലെ

> തന്നേ. നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു. ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു (1 കൊരിന്ത്യർ 2:6–10).

ഈ വിസ്മയമായ സത്യം അപ്പൊസ്തലിക കാലം വരെ അറിഞ്ഞിരുന്നില്ല കാരണം അതു ദൈവത്തിന്റെ വെളിപ്പെടുത്താതിരുന്ന "മർമ്മം" ആയി മുൻകാലങ്ങളിൽ "മറഞ്ഞിരുന്നു." ഈ രഹസ്യം തുറന്നു വെളിപ്പെടുത്തിയപ്പോൾ നമുക്ക് അതിശയമുണ്ടായി. മുകളിൽ ഉദ്ധരിച്ച വേദഭാഗം കാലം ആരംഭിക്കുന്നതിനു മുൻപു മുതൽ ക്രൂശ് വരെ പാലമായിരിക്കയാണ്. ആ പാലം അതിന്റെ ''മഹത്തായ ഉദ്ഘാടനം,'' നടത്തിയപ്പോൾ ദൈവ ജ്ഞാനം യേശുവിൽ സ്പഷ്ടമായി.

യേശുവിനെ ദൈവത്തിന്റെ ജ്ഞാനമായി തിരിച്ചറിയുന്നതിനു വിരൽ ചൂണ്ടിയിരിക്കയാണ് പൗലൊസ് കൊലൊസ്യയിലെ ക്രിസ്ത്യാനികൾക്കു ലേഖനം എഴുതിയതിൽ. ക്രിസ്തു എന്ന വ്യക്തിയെയും അവന്റെ പ്രവൃത്തികളെയും തരം താഴ്ത്തുന്ന ചില ഉപദേഷ്ടാക്കന്മാരുടെ ''ജ്ഞാനത്താൽ'' അവർ കുഴപ്പത്തിലായിരുന്നു, പ്രത്യേകിച്ചു സൃഷ്ടിയെയും വീണ്ടെടുപ്പിനെയും കുറിച്ച്[1] ദൈവത്തിന്റെ മർമ്മത്തെ ഊന്നി പൗലൊസ് പ്രതികരിച്ചു, ഇപ്പോൾ വെളിപ്പെടുത്തിയ, "അവനിൽ [ക്രിസ്തു,] *ജ്ഞാനത്തിന്റേയും* പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ടു ഇരിക്കുന്നു" (കൊലൊസ്യർ 2:3; എംഫസിസ് മൈൻ).

ഈ രീതിയിൽ പൗലൊസ് ക്രിസ്തുവിനെ കുറിച്ചു പറഞ്ഞപ്പോൾ, ക്രിസ്തു ദൈവജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നു എന്നല്ല അവൻ പറഞ്ഞത്. ക്രിസ്തു ദൈവത്തിന്റെ പ്രതിമയാണ് എന്നു പൗലൊസ് പറഞ്ഞു കഴിഞ്ഞു. അതിനു പുറമെ, ദൈവപുത്രന്റെ സൃഷ്ടിക്കു മുൻപുള്ള അസ്തിത്വത്തെ അവൻ ഊന്നി പറയുന്നുമുണ്ട്. ബൈബിളിൽ വച്ചു ക്രിസ്തുവിനെ കുറിച്ചുള്ള, ഏറ്റവും ഉയർന്ന വേദഭാഗമായ കൊലൊസ്യർ 1:16, 17, താഴെ കൊടുത്തിരിക്കുന്നതുപോലെ പറഞ്ഞിരിക്കുന്നു:

> ദൃശ്യവും അദൃശ്യവും സിംഹാസനങ്ങൾ ആകട്ടെ, കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ച്ചകൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു, അവൻ മുഖാന്തരവും അവന്നായിക്കൊണ്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ, ...

കൊലൊസ്യ പുസ്തകത്തിൽ വിവരിച്ച പുത്രൻ വെറും ദൈവപുത്രനായിട്ടല്ല, അവൻ ദൈവത്തിന്റെ ജ്ഞാനമാണ്. അവൻ ദൈവമായ പുത്രനാണ്. അതുപോലെ "അവനിലല്ലൊ ധക്രിസ്തുപ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്" (കോലൊസ്യർ 2:9). യവന വാക്ക് *പ്ലെരോമോ* ("സമ്പൂർണ്ണത") മുൻപു

കൊലൊസ്യ ലേഖനത്തി കാണുന്നു: "അവനി ധകിസ്തുപ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും പിതാവിനു അവനിൽ പ്രസാദം തോന്നി" (കൊലൊസ്യർ 2:9).

മറ്റൊരു വിധത്തിൽ, ദൈവത്തിന്റെ, സാരാംശം ക്രിസ്തുവിൽ വസിക്കുന്നു. ദൈവത്തിന്റെ സാരാംശം ആത്മാവാകുന്നു (യോഹന്നാൻ 4:24). പുതിയ നിയമത്തിൽ ഗ്രീക്ക് വാക്ക് *തെയോറ്റെസ്* കാണുന്നത് കൊലൊസ്യർ 1:9 ൽ മാത്രമാണ ("ദൈവികത്വം," കെജെവി; "ഡീയിറ്റി" എൻഐവി) പ്രത്യക്ഷപ്പെടുന്നു. മുഴുവൻ പ്രകൃതവും (സാരാംശം) ദൈവത്തിന്റെ മുഴുവൻ സാരാംശവും ക്രിസ്തുവിൽ കാണാം. ഇതു, തീർച്ചയായും, നിത്യബന്ധമാണ്, അതു കൊലൊസ്യ ലേഖന സന്ദർഭത്തിൽ, ചരിത്രപരമായ യേശുവിനെ ഉൾപ്പെടുത്തിയിരിക്കുന്നു.[2]

## വീണ്ടെടുപ്പിൽ പ്രതിഫലിച്ചതു പോലെ

യേശു ദൈവ ജ്ഞാനം എന്നത് ആരംഭത്തിൽ പരിഗണിക്കുകയാണ് ചെയ്യുന്നത്. നമ്മിൽ മിക്ക പേരോടും യേശുവിനെ പരിചയപ്പെടുത്തിയത്, അവൻ വ്യക്തിയും, സ്നേഹം പ്രദർശിപ്പിച്ചവനായും, കരുണയുള്ളവനായും, പിതാവായ ദൈവത്തിന്റെ കൃപയുള്ളവനായും ആണ്. നമ്മുടെ വീണ്ടെടുപ്പിനായി പിതാവ് തന്റെ പുത്രനെ ക്രൂശിലേക്കു അയക്കുവോളം തന്റെ സ്നേഹത്തെ പ്രദർശിപ്പിച്ചു. പിന്നെ നാം യേശുവിനു സമർപ്പിക്കപ്പെട്ടപ്പോൾ, അവനെ മരിച്ചവരിൽനിന്നും ഉയിർപ്പിച്ച ദൈവത്തിലുള്ള വിശ്വാസം നിമിത്തം നമ്മെ അവനോടുകൂടെ ഉയിർപ്പിക്കയും ചെയ്തപ്പോൾ, അവൻ നമ്മുടെ രക്ഷകനായിത്തീർന്നു. ഇതായിരുന്നു സുവാർത്ത, ക്രിസ്തുവിന്റെ സുവിശേഷം. ക്രിസ്തുവിനെക്കുറിച്ചു കൂടുതലായി നോക്കിയാൽ അവൻ ദൈവത്തിന്റെ സ്നേഹം, കരുണ, കൃപ, എന്നിവയേക്കാൾ കൂടുതലായി അറിയാം. അവൻ ദൈവത്തിന്റെ ജ്ഞാനവും വ്യക്തമാക്കി തരുന്നു.

പൗലൊസ് കൊരിന്ത്യ ലേഖനമെഴുതിയപ്പോൾ, പലർക്കും ദൈവജ്ഞാനം സ്പഷ്ടമായില്ല എന്നെഴുതി, കാരണം, അവർ ശരിയായ സ്ഥാനത്തല്ല നോക്കിയത്. യെഹൂദന്മാർ അതു അടയാളങ്ങളാൽ അന്വേഷിച്ചു. അവർ അത്ഭുതങ്ങൾ കാണുവാൻ ആഗ്രഹിച്ചു (മത്തായി 12:38, 39). യവനന്മാർ ജ്ഞാനം അന്വേഷിച്ചുകൊണ്ടിരുന്നു. എന്നാൽ അധികവും തത്വജ്ഞാനത്താലാണ്, അതിനെ പൗലൊസ് വിവരിച്ചത് "ലോകത്തിന്റെ ജ്ഞാനം" എന്നാണ്. ഈ പശ്ചാത്തലത്തിനെതിരായി പൗലൊസ് പറഞ്ഞു, "ദൈവശക്തിയും ദൈവത്തിന്റെ *ജ്ഞാനവും* ആയ ... ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഞങ്ങൾ പ്രസംഗിക്കുന്നു" (1 കൊരിന്ത്യർ 1:23, 24; എംഫസിസ് മൈൻ). അങ്ങനെ നമുക്കു വേണ്ടിയുള്ള രക്ഷാ പദ്ധതി പ്രകാരം ക്രിസ്തു "ദൈവത്തിൽ നിന്നുള്ള *ജ്ഞാനവും,* നീതിയും, ശുദ്ധീകരണവും, വീണ്ടെടുപ്പുമായി" (1 കൊരിന്ത്യർ 1:30; എംഫസിസ് മൈൻ). അതുകൊണ്ടു, തന്റെ വീണ്ടെടുപ്പു പ്രവൃത്തിയിൽ, പുത്രൻ പിതാവിന്റെ ജ്ഞാനമായി പ്രതിഫലിച്ചു. സൃഷ്ടിയിൽ

പ്രദർശിപ്പിച്ചതുപോലെ.

ദൈവം ഒരിക്കലും ഒരു വിഡ്ഢിത്തം പ്രവർത്തിക്കുകയോ വിഡ്ഢിത്തം പറയുകയോ ചോയ്യുകയില്ല. കാരണം, അവൻ സർവ്വജ്ഞാനിയാണ്. അവൻ സർവ്വ - ശക്തിയുള്ളവൻ ആയിരിക്കുന്നതുപോലെ സർവ്വ - ജ്ഞാനി ആയിരിക്കുന്നതും അവന്റെ പ്രകൃതമാണ്. അതുകൊണ്ടു, തന്റെ പുത്രനായ യേശുവിൽ ദൈവജ്ഞാനം കാണുന്നതിൽ നമുക്കു അതിശയിക്കാനില്ല. അവൻ ദൈവജ്ഞാനം നിത്യതയിലും, സൃഷ്ടിയിലും, ഇപ്പോൾ ചരിത്രത്തിലും പ്രത്യക്ഷമാകുന്നു(വെളിപ്പാട്).

ഇപ്പോൾ നാം ദൈവജ്ഞാനം യേശുവിൽ "ഏറ്റവും അടുത്തു കണ്ടു," നമുക്കു ഇനി, "വളരെ പുറകിലേക്കു" സൃഷ്ടിയിലേക്കു നോക്കാം. അവിടെ ജ്ഞാനം ഉണ്ട്. അതു നമ്മെ അതിശയിപ്പിക്കുന്നുണ്ടോ? തീർച്ചയായും ഇല്ല. ദൈവസ്വഭാവഏം(എല്ലാ ജ്ഞാനവും) ഉള്ളതും പിന്നീടു യേശുവിൽ വെളിപ്പെടുത്തിയതും (പുതിയ നിയമത്തിൽ), സൃഷ്ടിക്കു മുൻപു ആ ജ്ഞാനം കണ്ടില്ലെങ്കിൽ തീർച്ചയായും നാം അമ്പരന്നു പോകും.

ദൈവജ്ഞാനത്തോടുകുടിയ യേശുവിനെയാണ് പുതിയനിയമോപദേശത്തിൽ ബന്ധിപ്പിച്ചിരിക്കുന്നത്. അവിടെ കാണുന്ന സത്യം എന്തെന്നാൽ ദൈവജ്ഞാനം നിത്യവും സൃഷ്ടിയിൽ പ്രാവർത്തികവുമായിരുന്നു. വ്യക്തമായും, പുതിയ നിയമ എഴുത്തുകാരുടെ കാഴ്ച്ചപ്പാടിൽ, നിത്യമായ ദൈവജ്ഞാനം ദൈവ സൃഷ്ടിയിൽ പുത്രനായ ദൈവം പ്രവർത്തിച്ചുകൊണ്ടിരുന്നതായി കാണാം. പരിശുദ്ധാത്മാവിനാൽ അത്തരം ആഴമേറിയ ഉൾക്കാഴ്ച്ച കൊടുത്ത മനുഷ്യരുടെ കണ്ണുകളിലൂടെ കാണുന്ന നാം എത്ര ഭാഗ്യവാന്മാർ. ദൂതന്മാർക്കും പ്രവാചകന്മാർക്കും വിവേചിക്കുവാൻ കഴിയാതിരുന്ന സത്യമാണ് അവനിൽകൂടെ വെളിപ്പെടുത്തിയത് (1 പത്രൊസ് 1:10–12; 2 പത്രൊസ് 1:19–21). ഇതിനർത്ഥം "പുരോഗമന വെളിപ്പാടാണ് ദൈവം നടത്തിയത് എന്നാണോ? അതെ, അങ്ങനെയാണ്! ബൈബിൾ ഭാഷക്കു എന്തെങ്കിലും അർത്ഥം ഉണ്ടെങ്കിൽ നാം പഴയ നിയമത്തിലേതിനേക്കാൾ പുതിയ നിയമത്തിലാണ് ദൈവത്തെ മുഴുവനായും കാണുന്നത്. ദൈവത്തിന്റെ പുരോഗമന വെളിപ്പാടും പിതാവിന്റെ വെളിപ്പാടും നമുക്കു തിരുവെഴുത്തിൽ കാണാം, അതു തിരുവെഴുത്തിൽ നിയന്ത്രിച്ചിരിക്കുന്നു. ഇതു രണ്ടു നിയമങ്ങളിലും ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട് (ആവർത്തനപുസ്തകം 4:2; 12:32; സദൃശവാക്യങ്ങൾ 30:5, 6; വെളിപ്പാട് 22:18, 19). തന്റെ വെളിപ്പാടിനെയും വചനത്തെയും കുറിച്ചുള്ള ദൈവത്തിന്റെ കരുതൽ അടിക്കടി സൂചിപ്പിച്ചിട്ടുണ്ട്.

സദൃശവാക്യങ്ങൾ 8:22–31–ൽ എഴുത്തുകാരൻ കണ്ടതിനേക്കാൾ കൂടുതൽ ദൈവ - ശ്വാസിയരായ പുതിയ നിയമ എഴുത്തുകാരിൽ കൂടെ നമുക്കു കാണാൻ കഴിയും. സൃഷ്ടിയിൽ സന്തോഷത്തോടെ മഹത്വകരമായി പ്രകടിപ്പിച്ചിരിക്കുന്ന സ്വഭാവവിശേഷതയാണ് ജ്ഞാനം എന്നു അവൻ കണ്ടു. അതു നമുക്കു സദൃശവാക്യ വേദഭാഗത്തു കാണാം. പുതിയ നിയമ വെളിപ്പാടിന്റെ സഹായത്തിൽ, ദൈവത്തിന്റെ

സ്വഭാവം (സാരാംശം) ജ്ഞാനമായി ഒരു വ്യക്തി എന്നനിലയിൽ ദൈവം - വെറും ഒരു കാവ്യമായി വേർപിരിച്ചെടുക്കാവുന്നതല്ല (ജ്ഞാനം). വേറൊരു വിധത്തിൽ പറഞ്ഞാൽ, സൃഷ്ടിയിലെ ദൈവജ്ഞാനത്തിൽ നമുക്കു പുത്രനായ ദൈവത്തെ കാണാം. ഒരു ലേഖകൻ പറഞ്ഞു,

> ... ജ്ഞാനത്തിന്റെ ആരംഭവും അധികാരവും സൃഷ്ടിയുടെ ക്രമീകരണത്തിലുള്ളതിനേക്കാൾ കൂടുതലാണ് ജ്ഞാനം. എങ്ങനെയായാലും കർത്താവുമായി തിരിച്ചറിയാവുന്ന ഒന്ന്. സ്ത്രീവിജ്ഞാനം എന്നറിയപ്പെടുന്നത് കർത്താവിന്റെ ശബ്ദമാണ്, അവൾ ദൈവത്തിന്റെ വെളിപ്പാടാണ്, അല്ലാതെ പ്രകൃതിയുടെ വെറും വെളിപ്പാടല്ല.[3]

ക്രിസ്തു, ദൈവത്തിന്റെ ജ്ഞാനമാണ്, ആ ജ്ഞാനം സൃഷ്ടിയിലും ലോകത്തിന്റെ വീണ്ടെടുപ്പിലും ജ്ഞാനത്താൽ പ്രതിഫലിപ്പിച്ചിരിക്കുന്നു. ഈ ബന്ധങ്ങൾ ബൈബിളിൽ കൊടുത്തിരിക്കുന്നത് നമ്മുടെ പ്രയോജനത്തിനാണ്. വ്യക്തമായും, ക്രിസ്ത്യാനികൾക്കും - പൗലൊസിനും - ക്രിസ്തു ദൈവത്തിന്റെ ജ്ഞാനമാണെന്നു ഗ്രഹിക്കാൻ കഴിയുന്നു (1 കൊരിന്ത്യർ 1:24).

---

കുറിപ്പുകൾ

[1]എവെറെറ്റ് ഫെർഗൂസൻ, *ബാക്ക്ഗ്രൗണ്ട് ഓഫ് ഏർളി ക്രിസ്ത്യാനിറ്റി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി (1987), 245–49.
[2]റോളന്റ് ഇ.മർഫി, *ദ ട്രീ ഓഫ് ലൈഫ്*, ദ ആങ്കർ ബൈബിൾ റെഫറൻസ് ലൈബ്രറി, ജെന. എഡി. ഡേവിഡ് നോയെൽ ഫ്രീഡ്മാൻ (ന്യൂയോർക്: ഡബിൾഡേ, 1990), 138, 147.

© 2009 Truth for Today